കേരള സർക്കാർ

ധനകാര്യ വകുപ്പ് - ഒരു പ്രാദേശിക സർക്കാർ അതിർത്തിയിൽ നിന്നും മറ്റൊരു പ്രാദേശിക സർക്കാർ അതിർത്തിയിലേക്കു മാറുന്നതിനിടയിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക വന്നിട്ടുള്ളവർക്കു കുടിശ്ശിക പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്

**G.O(Rt) No.1684/2019/FIN** തീയതി ,തിരുവനന്തപുരം,07/03/2019

പരാമർശം:-1. സ ഉ (ആർ ടി) 1172/2019/ധന തീയതി 15/02/2019.
2. പഞ്ചായത്ത് ഡയറക്ടറുടെ 26.11.2018 ലെ ഡി ബി റ്റി 12086/2018നമ്പർ കത്ത്

<u>ഉത്തരവ്</u>

ഒരു പ്രാദേശിക സർക്കാർ അതിർത്തിയിൽ നിന്നും മറ്റൊരു പ്രാദേശിക സർക്കാർ അതിർത്തിയിലേക്കു മാറുന്നതിനിടയിൽ തങ്ങളുടേതല്ലാത്ത കാരണത്താൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക വന്നിട്ടുള്ളവർക്കു പ്രസ്തുത കാലയളവിലെ പെൻഷൻ കുടിശ്ശിക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കുകയുണ്ടായി

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പരാമർശം രണ്ട് പ്രകാരം അർഹരാണെന്നു കണ്ടെത്തിയ 388 ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക ഇനത്തിൽ 46,66,600/ രൂപ (ആകെ നാല്പത്താറു ലക്ഷത്തി അറുപത്താറായിരത്തി അറുന്നൂറു രൂപ മാത്രം) അനുവദിച്ചു ഉത്തരവാകുന്നു. പ്രസ്തുത തുക, 2019 ഏപ്രിൽ മാസം വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം വിതരണം ചെയ്യേണ്ടതാണ് . ഇതിനാവശ്യമായ തുക സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിനായി പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ തുടങ്ങിയിട്ടുള്ള ബാങ്ക്/ സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിൽ നിന്നും വഹിക്കുന്നതിനും , ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും , ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണസംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിനും പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി റ്റി സെല്ലിനെ ചുമതലപ്പെടുത്തുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
ജോയിന്റ് സെക്രട്ടറി (ധനകാര്യം )

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ